"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവ്വീസസ് - ജീവനക്കാര്യം- തൃശ്ശൂർ ജില്ലയിലെ തോന്നൂർക്കര കുടുംബാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- I ആയിരുന്ന, മരണപ്പെട്ട ബീനാകുമാരി.എസ്. അനധികൃതാവധിയിൽ തുടർന്ന കാലയളവ് ക്രമീകരിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(സാധാ) നം.1680/2025/H&FWD തീയതി,തിരുവനന്തപുരം, 19-06-2025

---

പരാമർശം:- 1. സ.ഉ(പി)നം.112/2017/ധന തീയതി 24.08.2017

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.11.2024 തീയതിയിലെ ഇ.ജി 2-25395/2024/ആ.വ.ഡ നമ്പർ കത്ത്.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25.01.2025 തീയതിയിലെ ഇ.ജി 2-25395/2024/ആ.വ.ഡ നമ്പർ കത്ത്.

<u>ഉത്തരവ്</u>

അനധികൃതമായി സർവീസിൽ നിന്നും വിട്ടുനിൽക്കുകയായിരുന്നു തൃശ്ശൂർ ജില്ലയിലെ തോന്നൂർക്കര കുടുംബാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- I ആയ ബീനാകുമാരി എസ്-നു എതിരെ അച്ചടക്ക നടപടികൾ ആരംഭിച്ചിരുന്നു. 10/10/2015 മുതൽ അനധികൃതാവധിയിലായിരുന്ന ബീനാകുമാരി എസ്., കാൻസർ രോഗ ബാധിതയായി അതീവ ഗുരുതരാവസ്ഥയിലായിരുന്നു എന്ന ആരോഗ്യ വകുപ്പ് അഡിഷണൽ ഡയറക്ടർ (വിജിലൻസ്)-ന്റെ അന്വേഷണത്തിൽ ബോധ്യപ്പെട്ടതിനെ തുടർന്ന്, മാനുഷിക പരിഗണന മുൻ നിർത്തിയും ടിയാൾക്കെതിരെയുള്ള കുറ്റാരോപണം സാമ്പത്തിക ബാധ്യതയുമായി ബന്ധമില്ലാത്തതിനാലും വകുപ്പ് തല അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കികൊണ്ടും പരാമർശം പ്രകാരം ഉത്തരവായിരുന്നു. എന്നാൽ രോഗാവസ്ഥ മൂലം പരാമർശ ഉത്തരവ് തീയതിക്ക് ശേഷവും ബീനാകുമാരി എസ്-നു ജോലിയിൽ പുനഃപ്രവേശിക്കാൻ സാധിക്കാതെ വരികയും അവധിയിലായിരിക്കെ തന്നെ 24.12.2016 ൽ മരണമടയുകയും ചെയ്തു. ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങൾ പിതാവിന് ലഭ്യമാക്കുന്നതിലേക്കായി, ടിയാൾ അനധികൃതവധിയിൽ തുടർന്ന കാലയളവ് ക്രമീകരിച്ചു നൽകണമെന്ന് പരാമർശം പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 10/10/2015 മുതൽ 24/12/2016 വരെയുള്ള മുഴുവൻ കാലയളവിലേയ്ക്കും ചട്ടപ്രകാരമുള്ള അവധി അപേക്ഷ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ലെങ്കിലും, അപേക്ഷക ക്യാൻസർ രോഗം ബാധിച്ച് ഗുരുതരാവസ്ഥയിൽ ആയിരുന്നു എന്ന

ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ (വിജിലൻസ്)-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ടിയാൾ മരണപ്പെട്ട സാഹചര്യം കണക്കിലെടുത്തും, മാനുഷിക പരിഗണന നൽകി, ടിയാൾക്ക് 10/10/2015 മുതൽ 24/12/2016 വരെ, ടി കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 88(iii) പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് നൽകികൊണ്ട് ഉത്തരവാകുന്നു. ടി കാലയളവ് ആർജിതാവധിക്കു പരിഗണിക്കുകയില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (അനുബന്ധ രേഖകൾ സഹിതം)
ശ്രീ.ദേവദാസ് . എൽ ( F/o ബീനാകുമാരി), മഹാലക്ഷ്മി, കല്ലിയൂർ പി.ഒ, തിരുവനന്തപുരം
സൂപ്രണ്ട്, കുടുംബാരോഗ്യ കേന്ദ്രം, തോന്നൂർക്കര, തൃശ്ശൂർ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനെ)
ജില്ലാ മെഡിക്കൽ ഓഫീസർ, തൃശ്ശൂർ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവരം പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 19-06-2025 12:35:05
സെക്ഷൻ ഓഫീസർ